(സി) അടിസ്ഥാന സൗകര്യങ്ങളായ വികസിപ്പിച്ചെടുത്ത ഭൂമി, ജലം, വൈദ്യുതി, റോഡുകൾ, കോമൺ ഫെസിലിറ്റി സെന്റർ, കാന്റീൻ, ഷോപ്പിംഗ് കോംപ്ലക്സ് തുടങ്ങിയവ വികസിപ്പിച്ചിട്ടുണ്ട്.

കയർ കോർപ്പറേഷൻ ഷോറൂമുകൾ

39 [977] ശ്രീ. തോമസ് ചാഴികാടൻ :
" റോഷി അഗസ്റ്റിൻ :
" കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ വിപണി വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഇന്ത്യക്ക് അകത്തും പുറത്തും ഷോറൂമുകൾ തുറക്കാൻ കയർ കോർപ്പറേഷന് പദ്ധതിയുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു എന്നറിയിക്കാമോ ;

(സി) ഏതെല്ലാം വിദേശ രാജ്യങ്ങളിലാണ് കയർ കോർപ്പറേഷൻ ബിസിനസ് മീറ്റുകൾ സംഘടിപ്പിച്ചത് എന്നറിയിക്കാമോ ;

(ഡി) ഇതിലൂടെ കോർപ്പറേഷന് എന്ത് നേട്ടം കൈവരിക്കാനായി എന്നറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ദുബായ്, ഷാർജ, ആസ്ട്രേലിയ എന്നിവിടങ്ങളിലെ ഇറക്കുമതിക്കാരുമായി സജീവമായി ചർച്ച നടത്തി വരുന്നു.

(സി) ഫ്രാൻസ്, നെതർലാന്റ്, യുണൈറ്റഡ് അറബ് എമിറേറ്റ്സ് എന്നീ വിദേശ രാജ്യങ്ങളിലാണ് ബിസിനസ് ചർച്ചകൾ സംഘടിപ്പിച്ചത്.

(ഡി) ദുബായിലെ Irrigation Trade Middle East കമ്പനിയുമായി 30 container coco peat കയറ്റി അയയ്ക്കുന്നതിനുള്ള MOU ഒപ്പു വച്ചിട്ടുണ്ട്. ഷാർജയിൽ നിന്നും ഒരു container കയറുൽപ്പന്നങ്ങൾക്കുള്ള ഓർഡറും ലഭിച്ചിട്ടുണ്ട്. കൂടാതെ ജിയോ ടെക്സ്റ്റയിൽസ്, coco pots തുടങ്ങിയ ഉൽപ്പന്നങ്ങളുടെ പ്രയോജന സാദ്ധ്യതകളെപ്പറ്റി പരിചയപ്പെടുത്താനും കൂടുതൽ അന്വേഷണങ്ങൾക്ക് വഴി ഒരുക്കാനും കഴിഞ്ഞിട്ടുണ്ട്.

നെല്ല് സംഭരണത്തിന് കേന്ദ്ര സഹായം

40 [978] ശ്രീ. കെ. പി. രാജേന്ദ്രൻ :
" എൻ. രാജൻ :
" പി. നാരായണൻ :
" ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരണത്തിന് ഈ വർഷം ഏതൊക്കെ ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കഴിഞ്ഞ വർഷം എത്ര നെല്ല് സംഭരിക്കാൻ കഴിഞ്ഞുവെന്നും സംഭരിച്ച വകയിൽ എത്ര സംഖ്യ കൊടുത്തു തീർക്കാനുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) നെല്ല് സംഭരണാർത്ഥം കൃഷിക്കാർക്ക് നൽകുന്നതിനായി കേന്ദ്രത്തിൽ നിന്ന് എന്തൊക്കെ സഹായമാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നെല്ല് സംഭരണത്തിന് ഈ വർഷം കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ ജൂൺ 2005 മുതൽ വിവിധ ഏജൻസികളിൽ നിന്നും 521422 ക്വിന്റൽ നെല്ലും തുടർന്ന് കഴിഞ്ഞ സീസണിൽ കർഷകരിൽ നിന്നും നേരിട്ട് 613655 ക്വിന്റൽ നെല്ലും സംഭരിച്ചിട്ടുണ്ടെന്നും കർഷകർക്കുള്ള നെല്ലിന്റെ വില പൂർണ്ണമായും നൽകിയിട്ടുണ്ടെന്നും കഴിഞ്ഞ സീസണിൽ നെല്ല് സംഭരിച്ച ഇനത്തിൽ വിവിധ സംഭരണ ഏജൻസികൾക്ക് കൊടുത്തുതീർക്കുവാനുള്ള 9,97,88,811 രൂപ നൽകിവരികയാണെന്ന് ഭക്ഷ്യ വകുപ്പ് അറിയിച്ചിട്ടുണ്ട്. 2004-05 സീസണിൽ (2005 പുഞ്ച വരെ) സംഭരിച്ച നെല്ലിന് സംഭരണ ഏജൻസികൾക്ക് കൈകാര്യ ചെലവ് ഇനത്തിൽ 11,09,45,525 രൂപ കൃഷി വകുപ്പ് കൊടുത്തുതീർക്കാനുണ്ട്.

(സി) നെല്ലിന്റെ വിലയായി കേന്ദ്ര സർക്കാരിൽ നിന്നും നടപ്പു സീസണിൽ ക്വിന്റലിന് 570 രൂപ ലഭിക്കുമെന്നും കൂടാതെ 7% സെസ്സും, കടത്തുകൂലി ഇനത്തിൽ ക്വിന്റലിന് 40 രൂപയും ലഭിക്കുന്നുണ്ടെന്നും ഭക്ഷ്യ വകുപ്പ് അറിയിച്ചിട്ടുണ്ട്.

നെൽ വയൽ നികത്തൽ

41 [979] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മേയ് മാസത്തിൽ സംസ്ഥാനത്തെ ആകെ നെൽ വയലിന്റെ വിസ്തൃതി എത്രയായിരുന്നുവെന്നും ഇപ്പോൾ സംസ്ഥാനത്തെ ആകെ നെൽവയലിന്റെ വിസ്തൃതി എത്രയെന്നും വ്യക്തമാക്കുമോ ;

(ബി) ഇക്കാലയളവിൽ നെൽവയൽ നികത്തി മറ്റാവശ്യങ്ങൾക്ക് ഉപയോഗിച്ചതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്യുകയുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) നെൽവയൽ നികത്തലിനെതിരെ സംസ്ഥാനത്ത് നിലവിലുള്ള നിയമ പ്രകാരം പ്രസ്തുത കേസുകളിൻമേൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly